# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 32 *

06.02.2013-ൽ മറുപടിക്ക്

## സുരക്ഷിതമായ കിടപ്പാടമില്ലാത്തവരുടെ പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള;<br>ശ്രീ. കെ. എൻ. എ. ഖാദർ;<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സുരക്ഷിതമായ കിടപ്പാടമില്ലാത്തവരുടെ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതു പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിജയം കൈവരിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്.<br>സമൂഹത്തിലെ ദുർബല-താഴ്ന്ന-ഇടത്തരം-ഉയർന്ന വരുമാന വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പ്രത്യേകിച്ച് സുരക്ഷിതമായ കിടപ്പാടമില്ലാത്തവരുടെ പാർപ്പിടാവശ്യങ്ങൾ പരിഹരിക്കുന്നതിന് പരിപൂർണ്ണ പരിഹാരം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതിനാലാണ് 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 12 ലക്ഷം വീടുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് സർക്കാർ രൂപം നൽകുന്നത്.<br><br>സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ താഴെപറയും പ്രകാരം അനുഭവപ്പെടുന്നുണ്ട്.<br><br>1. വാസയോഗ്യമായ ഭൂമിയുടെ ദൗർലഭ്യവും. ലഭ്യമായ ഭൂമിയുടെ ഉയർന്ന വിലയും.<br>2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും, അവയുടെ അസ്ഥിരമായ വിലക്കയറ്റവും.<br>3. ഭവന പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ കഴിയാത്തതും, മതിയായ രേഖകൾ സമർപ്പിക്കുന്നതിലെ പോരായ്മയും. |

4. പുതിയ ഭവന പദ്ധതികൾ ഏറെ ആകർഷണീയതകളോടെ പ്രഖ്യാപിക്കുമ്പോൾ, പഴയ പദ്ധതികൾ ഉപേക്ഷിച്ച് പുതിയ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടുവാനുള്ള ഗുണഭോക്താക്കളുടെ നീക്കങ്ങൾ പല പദ്ധതികളുടെയും പിൽക്കാല പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.
5. ക്രയശേഷിയുടെ അഭാവം. ഊഹക്കച്ചവട സ്വഭാവമുള്ള ഭൂവിപണി, വിട്ടുവീഴ്ചകളില്ലാത്ത ഭവന നിർമ്മാണ വായ്പാ സമ്പ്രദായം, കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യമായ തോതിൽ വിതരണം ചെയ്യുന്ന കാര്യത്തിലെ അനുചിതമായ ആസൂത്രണം, കെട്ടിട നിർമ്മാണത്തിനുള്ള നിയന്ത്രണങ്ങൾ. ഉചിതമായ കെട്ടിട നിർമ്മാണ സാമഗ്രികളേയും നിർമ്മാണ സാങ്കേതിക വിദ്യയേയും സംബന്ധിച്ച പരിമിതമായ അവബോധം, സ്ഥാപന ചട്ടക്കൂടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വിദഗ്ദ തൊഴിലാളികളുടെ അഭാവം എന്നിവ പാവപ്പെട്ടവർക്ക് പാർപ്പിട നിർമ്മാണത്തിന് മതിയായ പിന്തുണ നൽകുന്നതിനുള്ള തടസ്സങ്ങളാണ്.

(സി) അടിസ്ഥാന താമസ സൗകര്യങ്ങൾ ഉള്ള ചെറു വീടുകൾ ഉൾക്കൊള്ളുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച്, ഗുണഭോക്താക്കളുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കി ഭവനരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) അടിസ്ഥാന താമസ സൗകര്യങ്ങൾ ഉള്ള ചെറു വീടുകൾ (ഫ്ലാറ്റുകൾ) ഉൾക്കൊള്ളുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കി ഭൂരഹിത/ഭവനരഹിതർക്ക് വിതരണം ചെയ്യുന്നതിന് സാഫല്യം ഭവന പദ്ധതിയ്ക്ക് സർക്കാർ ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്വന്തമായി 2, 3 സെന്റ് ഭൂമിയെങ്കിലുമുള്ളവർക്കായി സന്നദ്ധ സംഘടനകൾ/സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാന്മാരായ മഹത് വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഗൃഹശ്രീ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ